# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2224 20.06.2012-ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി മാനേജ്മെന്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യ - കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഗുരുതരാവസ്ഥയിൽ എത്തുന്ന രോഗികളെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | ഗുരുതരാവസ്ഥയിൽ എത്തുന്ന രോഗികളെ ചികിത്സിക്കാൻ എല്ലാ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗങ്ങൾ നിലവിലുണ്ട്. അത്യാഹിത വിഭാഗങ്ങളിൽ സർജറി, ഓർത്തോപീഡിക്സ്, ന്യൂറോ സർജറി, മാക്സിലോഫേഷ്യൽ സർജറി തുടങ്ങിയ സ്പെഷ്യാലിറ്റി വിദഗ്ധരെ 24 മണിക്കൂറും ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗങ്ങൾ കാര്യക്ഷമമായി ഇപ്പോൾതന്നെ പ്രവർത്തിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ എല്ലാ വിധത്തിലുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആയതിനായി മൾട്ടി ഡിസിപ്ലിനറി മാനേജ്മെന്റ് യൂണിറ്റുകൾ സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ട്രോമ കെയർ യൂണിറ്റുകൾ മൾട്ടി ഡിസിപ്ലിനറി ചികിത്സക്കു വേണ്ടിയാണ് രൂപകല്പന ചെയ്തിട്ടുള്ളത്. അത്യാഹിത വിഭാഗത്തിലുള്ള സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സംയോജിത പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇതര യൂണിറ്റുകളിൽ വിവിധ വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തുമോ; | (സി) | ഇപ്പോൾതന്നെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം അത്യാഹിത വിഭാഗത്തിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | ആയതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) | ട്രോമ കെയർ യൂണിറ്റുകൾ മൾട്ടി ഡിസിപ്ലിനറി ചികിത്സക്ക വേണ്ടിയാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഈ വിഭാഗങ്ങളിൽ സർജറി, ഓർത്തോ പീഡിക്സ്, ന്യൂറോ സർജറി, മാക്സിലോഫേഷ്യൽ സർജറി തുടങ്ങിയ സ്പെഷ്യാലിറ്റി വിദഗ്ധരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. അത്യാഹിത വിഭാഗങ്ങൾ കാര്യക്ഷമമായി ഇപ്പോൾതന്നെ പ്രവർത്തിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ എല്ലാ വിധത്തിലുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ